(ഇ) ഇല്ല.

(എഫ്) കേസ് അന്വേഷിച്ച് കൊണ്ടിരിക്കയാണ്.

മഹാരാജാസ് കോളേജ് ബോയ്സ് ഹോസ്റ്റലിലെ വിദ്യാർത്ഥിയുടെ മരണം

56 (3008) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മഹാരാജാസ് കോളേജ് ബോയ്സ് ഹോസ്റ്റലിൽ ഒരു വിദ്യാർത്ഥി മരിച്ചുകിടന്നതായ സംഭവത്തിന്റെ യഥാർത്ഥ സ്ഥിതി എന്താണ് ;

(ബി) പ്രസ്തുത വിദ്യാർത്ഥിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ഡി) കേസ് അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ആരാണ് ;

(ഇ) പോസ്റ്റുമോർട്ടത്തിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത സംഭവം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായ 22 വയസ്സുള്ള ലിനേഷ് ഏതോ വിഷം ഉള്ളിൽച്ചെന്ന് മരിക്കാനിടയായ സംഭവം സംബന്ധിച്ച് എറണാകുളം സെൻട്രൽ പി.എസ്.ക്രൈം 267/03 യു/സി അസ്വാഭാവിക മരണമായി കേസെടുത്ത് അന്വേഷണം നടന്നുവരുന്നു.

(ബി) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കൽ വില്ലേജിൽ മുട്ടുകാലുകരയിൽ എരുമലം തടത്തിൽ വീട്ടിൽ പൗലോസ് മകൻ 22 വയസ്സുള്ള ലിനേഷ്, മഹാരാജാസ് കോളേജ് രണ്ടാംവർഷ എം.എ. ഫിലോസഫി വിദ്യാർത്ഥിയായിരുന്നു.

(സി) ഉണ്ട്.

(ഡി) എറണാകുളം സെൻട്രൽ പി.എസ്. പോലീസ് സബ് ഇൻസ്പെക്ടർ.

(ഇ) പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണം "ഡെത്ത് ഡ്യൂ ടു പോയ്സനിംഗ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

(എഫ്) വിശദവും ഊർജ്ജിതവുമായ അന്വേഷണം നടന്നുവരുന്നു.

ജിനിയുടെ കൊലപാതകം

57 (3009) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ, ചെങ്ങമനാട് സ്വദേശിനി ജിനി എന്ന പെൺകുട്ടി കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് പോലീസ് എഴുതിത്തള്ളുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly